**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1266 13.06.2013-ലെ മറുപടിക്ക്

**പേരാമ്പ്ര മണ്ഡലത്തിലെ കടിയങ്ങാട് പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) | |
| (എ). | പേരാമ്പ്ര മണ്ഡലത്തിലെ കടിയങ്ങാട് പാലത്തിന്റെ നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്നും എങ്കിൽ ഏതു വർഷത്തെ ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നു എന്നും വ്യക്തമാക്കുമോ; | (എ). | പേരാമ്പ്ര മണ്ഡലത്തിലെ കടിയങ്ങാട് പാലത്തിന്റെ നിർമ്മാണം 2013-14-ലെ ബഡ്ജറ്റിൽ അനുബന്ധം 2-ൽ വാല്യം 1 പേജ് 182-ൽ ഐറ്റം നമ്പർ 47 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. തുകയൊന്നും വകയിരുത്തിയിട്ടില്ല. |
| (ബി). | ഇതിന്റെ നിർമ്മാണത്തിന് എത്ര തുക ചെലവ് വരും എന്നും പാലത്തിന്റെ ഡിസൈൻ ചെയ്യുന്നത് ആരാണെന്നും വ്യക്തമാക്കുമോ; | (ബി). | കടിയങ്ങാട് പാലത്തിന്റെ നിർമ്മാണത്തിന് 720 ലക്ഷം രൂപ ചെലവു വരുമെന്ന് പ്രതീക്ഷിക്കുന്നു. ഡിസൈൻ ചെയ്യുന്നത് തിരുവനന്തപുരത്തുള്ള റൂബി സോഫ്റ്റ് ടെക് എന്ന സ്ഥാപനമാണ്. |
| (സി). | പ്രസ്തുത പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി). | പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായി 2009-ൽ 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2012-ലെ എസ്.ഒ.ആർ. പ്രകാരം പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ